
بسم الله الرحمن الرحيم O نحمده ونصلي علىٰ رسوله الكريم O وعلىٰ عبده المسيح الموعود


ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്

**ജുമുഅ ഖുത്വ്ബ 2011 December 2**

**ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**(ഖുത്വ്ബ നമ്പർ 48 )**

വിവർത്തനം എം. നാസിർ അഹ്മദ് കൊടിയത്തൂർ


Baitul Futuh, London

# സഹാബത്തിന്റെ ഉന്നത സ്ഥാനം:

# വാഗ്ദത്ത മസീഹിന്റെ ലിഖിതങ്ങളിലൂടെ

കുഴപ്പമുണ്ടാക്കുന്ന നാമധാരികളായ മുല്ലവർഗ്ഗത്തിന്റെ പിന്നാലെ നടന്ന് മുസ്ലീംകളിൽ ഒരു വിഭാഗം ഒന്നും അറിയാതെ അഹ്മദിയ്യത്തിനെ എതിർക്കുന്നവരാണ്. ഭൂരിപക്ഷത്തിനും മതത്തോട് തന്നെ ഒരു ബന്ധവുമില്ല. പെരുന്നാൾ നമസ്ക്കാരം അനുഷ്ഠിക്കുന്നവരും കൂടി വന്നാൽ എപ്പോഴെങ്കിലും ജുമുഅ നമസ്ക്കരിക്കുന്നവരാണവർ. എന്നാൽ മതത്തിന്റെ കാര്യത്തിൽ ഒരുവിധ ബലപ്രയോഗവും ഇഷ്ടപ്പെടാത്ത ചിലരുണ്ട്. അവർ മുല്ലാവർഗം പുറപ്പെടുവിക്കുന്ന കുഫ്റ് ഫത്വ്വയെ അവഗണിക്കുന്നവരാണ്. എന്നാലും ഭയം കാരണം ഇക്കൂട്ടർ നിശബ്ദരാണ്. ഇസ്ലാമിനെക്കുറിച്ചും മതത്തെക്കുറിച്ചും വലിയ അറിവൊന്നുമില്ലാത്ത മറ്റു ചിലരുമുണ്ട്. അന്യരുടെ ഭാഗത്ത് നിന്ന് ഇസ്ലാമിനും തിരുനബി (സ) ക്കും എതിരിൽ വരുന്ന ആക്ഷേപങ്ങളെ ദൂരീകരിക്കണം എന്ന് ആഗ്രഹമുള്ളവരാണവർ. അതിന് മറുപടി പറഞ്ഞുകൊണ്ട് അതിനെ തടയണം എന്നും അവർ ആഗ്രഹിക്കുന്നു. ഇസ്ലാമിലെ എല്ലാ കക്ഷികളും ഒറ്റക്കെട്ടായി ഇസ്ലാമിന്റെ ശത്രുക്കളെയും ദജ്ജാലിയത്തിനെയും നേരിടണം എന്നും അവർ ആശിക്കുന്നു. പാക്കിസ്ഥാനിലും ഇന്ത്യയിലും അറബ്നാടുകളിൽ താമസിക്കുന്ന മുസ്ലിംകളും ഈ ഗണത്തിൽ പെടുന്നവരിലുണ്ട്. മറ്റ് മുസ്ലിം നാടുകളിലെ മുസ്ലിംകളിൽ പെട്ടവരും ഇതിൽ ഉൾപ്പെടുന്നു. ഇവർ ഇസ്ലാമിനെ ഇസ്ലാമിന്റെ പേരിൽ മാത്രം അറിയപ്പെടാനാണ് ആഗ്രഹിക്കുന്നത്. ഏതെങ്കിലും കക്ഷിയുടെ പേരിൽ അറിയപ്പെടാൻ ഇവർ ആഗ്രഹിക്കുന്നില്ല.

ഇവിടെ ഈ ജമാഅത്ത് വരുന്നതിനുമുമ്പും ഇസ്ലാമിൽ കക്ഷികളുടെ കുറവൊന്നുമില്ലായിരുന്നു, നിങ്ങൾ വന്ന് ഒരു കക്ഷികൂടി രീപികരിച്ച് ഇവിടെ ഭിന്നിപ്പ് ഉണ്ടാക്കുകയല്ലെ ചെയ്തത് എന്ന ചോദ്യം അഹ്മദിയ്യാ ജമാഅത്തിനോട് പലപ്പോഴും ചോദിക്കാറുണ്ട്. അവർ നമ്മോട് പറയുന്നത് ഇസ്ലാമിനോട് നിങ്ങൾക്ക് അനുകമ്പയുണ്ടെങ്കിൽ മുസ്ലിംകളെ കക്ഷിത്വത്തിൽ നിന്നും അകറ്റാൻ ശ്രമിക്കുക എന്നാണ്.

ഈ ചോദ്യം ഉന്നയിക്കുന്നവർക്ക് ആദ്യം ഞാൻ എന്റെ കൃതജ്ഞത അറിയിക്കുകയാണ്. കാരണം ചുരുങ്ങിയ പക്ഷം അവർ ഞങ്ങളെ മുസ്ലിംകളിൽ പെട്ട ഒരു വിഭാഗമായി കണക്കാക്കുന്നുണ്ടല്ലോ. ഞങ്ങളെ മുസ്ലിംകളായി അവർ പരിഗണിക്കുന്നുണ്ട്. ഒന്നും ചിന്തിക്കാതെ കുഫ്റ് ഫത്വ്വ പുറപ്പെടുവിക്കുന്നില്ല. അങ്ങനെയുള്ളവരോട് എനിക്ക് പറയാനുള്ളത് അല്ലാഹുതആല മുസ്ലിം ഉമ്മത്തിനോട് കരുണ കാണിച്ചുകൊണ്ട് തിരുനബി (സ) യുടെ പ്രവചനപ്രകാരം തന്റെ വാഗ്ദാനപൂർത്തിയാക്കിക്കൊണ്ട് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) നെ വാഗ്ദത്ത മസീഹും മഹ്ദിയുമായി അയച്ചിരിക്കുന്നു. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിൽ ഇസ്ലാമിന്റെ വിവിധ കക്ഷികളിൽ നിന്നും മുസ്ലിംകൾ പ്രവേശിച്ച് വാഗ്ദത്ത മസീഹിന് തിരുനബി (സ) യുടെ സലാം എത്തിച്ചുകൊണ്ട് അവർ ഈ കക്ഷിത്വത്തെ ഇല്ലാതാക്കി യഥാർഥ ഇസ്ലാമികാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു തന്റെ കൃപാകടാക്ഷത്താൽ അവരുടെ ഉൾക്കാഴ്ച തുറന്നുകൊടുക്കുയുണ്ടായി. അതുകാരണം കക്ഷിത്വത്തോട് വിടപറഞ്ഞുകൊണ്ട് യഥാർഥ ഇസ്ലാമിനെയാണ് അവർ സ്വീകരിച്ചിരിക്കുന്നത്. തിരുനബി (സ) പ്രവചനം ചെയ്ത നീതിമാനായ വിധികർത്താവിനെ അവർ സ്വീകരിച്ചിരിക്കുകയാണ്. അദ്ദേഹം വന്ന്കൊണ്ട് വിവിധ കക്ഷികളിൽ കടന്നുകീടിയിട്ടുള്ള തെറ്റായ വിശ്വാസങ്ങളും ബിദ്അത്തുകളും അനാചാരങ്ങളും എല്ലാം വിശുദ്ധ ഖുർആന്റെ യഥാർഥ അധ്യാപനമനുസരിച്ച് വിധികൽപ്പിക്കുന്നതാണ്. വിശുദ്ധ ഖുർആന്റെ യഥാർഥ അധ്യാപനമനുസരിച്ച് പ്രവർത്തിച്ചുകാണിക്കുകയും ചെയ്യുന്നത്.

അല്ലാഹു അയച്ച വ്യക്തിയുടെ അധ്യാപനത്തിന്റെയും ശിക്ഷണത്തിന്റെയും ഫലമായി അഹ്മദിയ്യാ മുസ്ലിം ജമാഅത്തിലുള്ള ഓരോ വ്യക്തിയും തന്നെ കലിമ ചൊല്ലുന്ന എല്ലാവരെയും തന്നെ മുസ്ലീമായി കരുതുന്നു. ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദു റസൂലുല്ലാഹ് എന്ന് ഒരു വ്യക്തി അംഗീകരിക്കുന്നുണ്ടെങ്കിൽ അദ്ദേഹം മുസ്ലിമാണെന്ന് കരുതുന്നതാണ്. ഹദീസുകളിൽ നിന്ന് മനസ്സിലാകുന്നതിതാണ്. എന്നാൽ മറ്റു കക്ഷികളെ നിങ്ങൾ നോക്കുക. ഓരോ കക്ഷിയും മറ്റു കക്ഷികളെക്കുറിച്ച് കുഫ്റ് ഫത്വകൾ നൽകുകയാണ് ചെയ്യുന്നത്.

അതുകൊണ്ട് ഇസ്ലാമിനോട് സ്നേഹമുള്ളവർ പ്രകടിപ്പിച്ച ആശങ്ക അതായത് കക്ഷികൾ ഇഷ്ടം പോലെയുള്ള ഇക്കാലത്ത് അഹ്മദിയ്യാ ജമാഅത്ത് വന്ന് ഒരു കക്ഷികൂടി സ്ഥാപിച്ച് ഇവിടെ കുഴപ്പം വർദ്ധിപ്പിക്കുകയാണ് ചെയ്തത് എന്ന തെറ്റിദ്ധാരണ ഖുർആനും ഹദീസും ശരിക്കും അറിയാത്തതുകൊണ്ടാണ്. നിങ്ങൾ മറ്റുള്ള കക്ഷികളുടെ സാഹിത്യങ്ങൾ വായിച്ചു നോക്കുക. അവർ മറ്റുള്ളവർക്കെതിരിൽ നൽകിയ കുഫ്റ് ഫത്വ്വകളുടെ ഒരു കൂമ്പാരംതന്നെ നിങ്ങൾക്ക് കാണാൻ സാധിക്കും. എന്നാൽ അഹ്മദിയ്യാ സാഹിത്യങ്ങൾ നിങ്ങളൊന്ന് വായിച്ചുനോക്കുകയാണെങ്കിൽ മറ്റു മതസ്ഥർ ഇസ്ലാമിന്നെതിരിൽ ആക്ഷേപിച്ചതിനെ പ്രതിരോധിച്ചതായി നിങ്ങൾക്ക് കാണാൻ സാധിക്കുന്നതാണ്. അതല്ലെങ്കിൽ ഇങ്ങനെ പരസ്പരം കാഫിറാക്കുന്നതിൽ നിന്നും നിങ്ങൾ വിട്ടുനിന്നുകൊണ്ട് ഇസ്ലാമിക സേവനത്തിന് സന്നദ്ധരാവുക എന്ന് മുസ്ലിം ക്ഷികളോട് അപേക്ഷിച്ചതായി കാണാം. സ്വഷ്ടാവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടപ്പാടുകളും നിറവേറ്റാൻ നാം എന്തെല്ലാം ചെയ്യണം എന്ന് നമുക്കവിടെ കാണാം. ലോകത്ത് സ്നേഹവും സൗഹൃദവും സാഹോദര്യവും സ്ഥാപിക്കാൻ നമുക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും എന്ന് കാണാം. വിധ്വേഷങ്ങളുടെ തീകണലുകൾ അണക്കാൻ നാം എന്ത് ചെയ്യണമെന്ന് കാണാം. തിരുനബി (സ) യുടെ സഹാബാക്കളുടെ സ്ഥാനമാനങ്ങൾ എന്താണെന്ന് കാണാം. അവരിൽ ഓരോരുത്തരും തന്നെ പ്രകാശിക്കുന്ന നക്ഷത്രങ്ങളായിരുന്നു. അവർ ഓരോരുത്തരുംതന്നെ പിൻപറ്റപ്പെടാവുന്നതാണ്. ഓരോരുത്തരും അവരവരുടെ സ്ഥാനമാനങ്ങൾ അലങ്കരിക്കുന്നവരാണ്. ചുരുക്കത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സാഹിത്യങ്ങളിൽ ഇങ്ങനെയുള്ള

മനോഹരമായ കാര്യങ്ങളാണ് നിങ്ങൾക്ക് കാണാൻ സാധിക്കുക. കുഫ്റ് ഫത്‌വകളല്ല നിങ്ങൾ കാണുക.

ഞാൻ പറഞ്ഞതുപോലെ മറു ഭാഗത്ത് കുഫ്റ് ഫത്‌വകളുടെ കൂമ്പാരമാണ്. മറ്റു കക്ഷികൾ പരസ്പരം നടത്തിയ കുഫ്റ് ഫത്ത്‌വകൾ നമുക്കവിടെ കാണാം.

ഞാൻ സഹാബാക്കളുടെ സ്ഥാനമാനത്തെക്കുറിച്ച് പറയുകയുണ്ടായി. അതിനെക്കുറിച്ച് തുടർന്ന് പറയുന്നതാണ്. ഇക്കാര്യത്തിൽ ഇസ്‌ലാമിൽ രണ്ട് വിഭാഗങ്ങളാണുള്ളത്. ഒന്ന് ശിയാ വിഭാഗവും മറ്റൊന്ന് സുന്നി വിഭാഗം. ശിആക്കളും സുന്നികളും അമിതത്വവും അതിവർണ്ണനയും നൽകി തിരുനബി (സ) യുടെ ആദ്യകാലത്ത് മഹത്തായ ത്യാഗങ്ങൾ സമർപ്പിച്ച സഹാബാക്കളുടെ സ്ഥാനം ഇകഴ്ത്തിയതായി കാണാം. അതിവർണ്ണനകളും അമിതത്വവും കാരണം ഇവർ പരസ്പരം കുഫ്റ് ഫത്‌വയും നൽകുന്നു. മാത്രമല്ല ഈ കുഫ്റ് ഫത്‌വ നൽകിക്കൊണ്ടേ ഇരിക്കുന്നു. ഒരുകൂട്ടർ അതിവർണ്ണനയിലൂടെ ഹദ്റത്ത് അലി (റ), ഹദ്റത്ത് ഹുസൈൻ (റ) ന്റെ സ്ഥാനമാനങ്ങൾ ഉയർത്തിക്കാട്ടുകയും മറ്റു സഹാബാക്കളെ ഇകഴ്ത്തിക്കൊണ്ട് അവരെ വളരെ മോശമായി ചിത്രീകരിക്കുകയും ചെയ്തെങ്കിൽ മറ്റേകൂട്ടർ ഇതിനു മറുപടി നൽകുന്നതിൽ ഒരു കുറവും വരുത്തിവെച്ചില്ല. ഈ രണ്ട് വലിയ വിഭാഗങ്ങളലും എത്രയോ ഗ്രൂപ്പുകളുണ്ട്. ഈ ഗ്രൂപ്പുകൾ പുതിയൊരു കുഴപ്പം സൃഷ്ടിച്ചിരിക്കുകയാണ്. ചുരുക്കത്തിൽ ഇവരുടെയെല്ലാം ലക്ഷ്യമായി തോന്നുന്നത് നഊദുബില്ലാഹ് ഇസ്‌ലാമിനെ ഭീകരവും കുഫ്റ് ഫത്വവ നൽകുന്നതും കുഴപ്പം ഉണ്ടാക്കുന്നതുമായ മതമാണെന്നും വരുത്തിത്തീർക്കുക എന്നതാണ്.

എന്നാൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ അഹ്മദിയ്യാ ജമാഅത്തിന്റെ ലക്ഷ്യം അതിമനോഹരമായ ലക്ഷ്യമാണ്. ഇസ്‌ലാമിന്റെ മനോഹാരിത പ്രകടമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അതുകൊണ്ട് ഈ കക്ഷികളെപ്പോലെയാണ് അഹ്മദിയ്യാ ജമാഅത്തും എന്ന് കണക്കു കൂട്ടുന്നത് എന്തായാലും അക്രമണമാണ്.

മുഹറ്റം മാസത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഓരോ വർഷവും ഈ മാസത്തിലൂടെ നാം കടന്നു പോകാറുണ്ട്. ശിയാക്കളുടെയും സുന്നികളുടെയും അംഗസംഖ്യ അധികമുള്ള സ്ഥലങ്ങളിലെല്ലാം മുഹർറ മാസത്തിൽ ഇരു വിഭാഗങ്ങൾക്കും വരുന്ന ധനത്തിലും ജീവനും നഷ്ടം വരുന്നത് കാണാവുന്നതാണ്. പാക്കിസ്ഥാനായാലും ഇറാഖിയാലും മറ്റേതൊരു രാഷ്ട്രമായാലും ശരി മുഹർറം മാസത്തിൽ എന്തെങ്കിലുമൊരു കുഴപ്പം നമുക്ക് കാണാൻ സാധിക്കും. ധനവും ജീവനും നഷ്ടപ്പെടുന്നത് കാണാവുന്നതാണ്. ഇപ്പോഴാണെങ്കിൽ ഇത് നിത്യസംഭവമായിരിക്കുന്നു. എന്നാൽ മുഹർറമാസത്തിൽ ഇത് വളരെ കൂടുതലായിരിക്കുമെന്ന് മാത്രം. ഞാൻ പറഞ്ഞതുപോലെ ഇവർ പരസ്പരം കുഫ്റ് ഫത്‌വ കുന്നുകൂട്ടിയിരിക്കുകയാണ്. ഇതെല്ലാം സ്വരുക്കൂട്ടാൻ ശ്രമിച്ചപ്പോൾ വളരെ കൂടുതൽ ഉദ്ധരണികൾ ലഭിക്കുകയുണ്ടായി. വളരെ ലജ്ജാകരവും നിന്ദ്യവുമായ ഫത്‌വകളാണ് അതിൽ അടങ്ങിയിരിക്കുന്നത്. അതിൽ നിന്ന് ഒന്നുരണ്ടെണ്ണം മാതൃകയെന്നോണം പോലും കേൾപ്പിക്കാൻ കൊള്ളാത്തതുകൊണ്ട് ഞാൻ കേൾപ്പിക്കുന്നില്ല.

ഇന്ന് ഞാൻ ഇക്കാലത്തിലെ വാഗ്ദത്ത മഹ്ദി മസീഹിന്റെ യുക്തിഭദ്രമായ ഉപദേശനിർദേശങ്ങൾ ആ മഹാത്മാവ് ഖുലഫായെ റാശിദീങ്ങളെക്കുറിച്ചും സഹാബാക്കളെക്കുറിച്ചും ഹദ്റത്ത് ഇമാം ഹുസൈൻ, അലി (റ) എന്നിവരെക്കുറിച്ചും പറഞ്ഞത് കേൾപ്പിക്കുന്നതാണ്. ഇതിൽ നിന്നും കുഴപ്പങ്ങൾ ഇല്ലാതാക്കാൻ എത്ര ഹൃദയസ്പൃക്കായ രീതിയിലാണ് ആ മഹാത്മാവ് പ്രവർത്തിച്ചത് എന്ന് കാണാവുന്നതാണ്. ഈ നിർദേശങ്ങളെല്ലാം സ്വരുക്കൂട്ടാൻ പറഞ്ഞപ്പോൾ അത് നൂറിൽ കൂടുതൽ പേജുകളിൽ വ്യാപിച്ചുകിടക്കുന്നു. സമയപരിമിതി കണക്കിലെടുത്ത് ചില ഉദ്ധരണികൾ മാത്രം കേൾപ്പിക്കാം. അടുത്ത കാലത്ത് അഹ്മദിയ്യാ ജമാഅത്തിൽ വിവിധ വിഭാഗങ്ങളിൽ നിന്നും ബൈഅത്ത് ചെയ്തു വന്നവരിൽ ചിലർക്ക് ഇപ്പോഴും പൂർണ്ണമായും ശിക്ഷണം ലഭിച്ചിട്ടില്ല. അവർക്കും ഈ നിർദേശങ്ങൽ കേൾക്കേണ്ടത് അനിവാര്യമാകുന്നു. ഇതുപോലെ മറ്റുചിലരുമുണ്ട്. അവർ ചിലപ്പോൾ എം.ടി.എ കാണുന്നു. ഖുതുബ കേൾക്കുകയും ജമാഅത്തിൽ താൽപര്യം ഉള്ളവരുമാണ്. അതുമല്ലെങ്കിൽ അവർക്ക് ഇസ്‌ലാമിനോട് സഹതാപമുണ്ട്. ഇവരുടെ മനസ്സിലുള്ളത് മറ്റു കക്ഷികളെപ്പോളെതന്നെയുള്ള ഒരു കക്ഷിയാണ് അഹ്മദിയ്യാ ജമാഅത്ത് എന്നതാണ്. അവരുടെ മുമ്പിലും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉദ്ധരണികൾ വരേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) മുസ്‌ലിം കക്ഷികളെയെല്ലാം ഒന്നാക്കാനാണ് വന്നത് എന്ന കാര്യം ഇതുമുഖേന അവർക്ക് മനസ്സിലാകുന്നതാണ്. അതിക്രമങ്ങളിൽ നിന്നും കടത്തിക്കൂട്ടലുകളിൽ നിന്നും ഇസ്‌ലാമിനെ വിശുദ്ധീകരിക്കാനാണ് അദ്ദേഹം വന്നത് എന്നും അവർക്ക് മനസ്സിലാകുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അല്ലാഹു മുസ്‌ലിംകളെ ഒന്നാക്കിത്തീർക്കാനുള്ള ഉത്തരവാദിത്വം ഇൽഹാമിലൂടെ നൽകുകയുണ്ടായി. **ഭൂമുഖത്തുള്ള എല്ലാ മുസ്‌ലിംകളെയും ഒരേ ഒരു മതത്തിൽ ഒരുമിച്ചുകൂട്ടുക.**

കക്ഷിത്വത്തെ ഇല്ലാതാക്കാനാണ് ആ മഹാത്മാവ് വന്നത്. മുസ്‌ലിംകളെ ഒരു ദീനിൽ ഒരുമിച്ച് കൂട്ടാനാണ് വന്നത്. അതുകൊണ്ട് ചില ഉദ്ധരണികൾ ഞാൻ കേൾപ്പിക്കുന്നതാണ്. ആദ്യം ഞാൻ ഖുലഫായെ റാശിദീങ്ങളുടെ മാർഗം പിൻപറ്റുന്നത് മുഅ്മിനും മുസ്‌ലിമും ആകുന്നതിന്റെ അടയാളമായി വിവരിച്ച ഉദ്ധരണി കേൾപ്പിക്കാം.

പറയുന്നു. ഹദ്റത്ത് അബൂബക്കർ (റ), ഹദ്റത്ത് ഉമർ (റ), ഹദ്റത്ത് ഉസ്മാൻ (റ), ഹദ്റത്ത് അലി (റ) എന്നിവരെ സ്വീകരിക്കാത്തിടത്തോളം കാലം ആരുംതന്നെ യഥാർഥ വിശ്വാസിയോ മുസ്‌ലിമോ ആയിത്തീരുന്നതല്ല. ഈ മഹാത്മാക്കൾ ഭൗതിക ലോകത്തെയല്ല സ്നേഹിച്ചത്. അവർ തങ്ങളുടെ ജീവിതം അല്ലാഹുവിന്റെ മാർഗത്തിൽ വഖ്ഫ് ചെയ്തിരുന്നു.

സിർറുൽ ഖിലാഫ എന്ന ഗ്രന്ഥത്തിൽ 328-ാം പേജിൽ ഖുലഫായെ റാശിദീനെക്കുറിച്ച് പറയുന്നു.

(ഞാൻ ഈ പേജ് നമ്പർ പറയാൻ കാരണം അറബിയിൽ തർജമ ചെയ്യുന്നവരോട് ഇതിനെക്കുറിച്ച് നേരത്തെ പറഞ്ഞിരുന്നു. അവർക്ക് തർജമ ചെയ്യാൻ എളുപ്പത്തിനാണ് പേജ് നമ്പർ ഞാൻ പറഞ്ഞത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സ്വന്തം ഭാഷ അത് അതേപോലെ വരികയാണെങ്കിൽ അറബികളിൽ അത് വലിയ സ്വാധീനം ചെലുത്തുന്നതാണ്. തർജമ ചെയ്യുന്നവർ എത്ര വലിയ അറബി പണ്ഢിതരും നാട്ടുകാരുമായാലും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഭാഷാ പ്രയോഗത്തോളം അവർക്കെത്താൻ കഴിയില്ല.)

ആ മഹാത്മാവ് പറയുന്നു. അല്ലാഹുവാണെ സത്യം ഈ ഖലീഫമാർ തിരുനബി (സ) യെ സഹായിക്കുന്നതിന്നായ് മരണം സ്വീകരിക്കുന്നതിനുപോലും മടി കാണിക്കാത്തവരായിരുന്നു. അല്ലാഹുവിന്റെ പ്രീതിക്കായി തങ്ങളുടെ മാതാപിതാക്കളെയും മക്കളെപോലും ഉപേക്ഷിക്കാനും അവരുമായി ബന്ധം വിച്ഛേദിക്കാനും അവർ ഇഷ്ടപ്പെട്ടു. തങ്ങളുടെ സുഹൃത്തുക്കളുമായി യുദ്ധം ചെയ്യാൻ അവർ തയ്യാറായി. അല്ലാഹുവിന്റെ പ്രീതിക്കായി തങ്ങളുടെ ധനവും തങ്ങളുടെ ആളുകളെയും അവർ ത്യജിച്ചു. ഇതെല്ലാം ചെയ്തിട്ടും ഞങ്ങൾക്ക് വേണ്ടതുപോലെ ചെയ്യാൻ കഴിഞ്ഞില്ലെന്ന് കരുതി ലജ്ജിച്ചു തല താഴ്ത്തുകയാണ് അവർ ചെയ്തത്. അവരുടെ കണ്ണുകൾ പലപ്പോഴും അന്തിയുറക്കം അറിയാതെപോയി. തങ്ങളുടെ ദേഹസുഖം പോലും അവർ പരിഗണിച്ചില്ല. അവർ സുഖാഢംഭരപ്രിയരായിരുന്നില്ല. എന്നിരിക്കെ ഇക്കൂട്ടർ അക്രമികളും പിടിച്ചുപറിയന്മാരും നീതിപീഠം ഉപേക്ഷിച്ചവരും ക്രൂരന്മാരുമാണെന്ന് നീ എങ്ങനെ കണക്കുകൂട്ടി. അവർ സ്വേച്ഛകളെ പിൻപറ്റുന്നവരോ അത്യാഗ്രഹികളോ ആയിരുന്നില്ലെന്ന് തെളിഞ്ഞിട്ടുള്ളതാണ്.

അവർ ദൈവസവിധത്തിൽ ചടഞ്ഞിരിക്കുന്നവരായിരുന്നു. ദൈവത്തിൽ വിലയം പ്രാപിച്ച ഒരു സമൂഹമായിരുന്നു ഇവർ.

പറയുന്നു. ഖുലഫായെ റാശിദീൻ എല്ലാംതന്നെ തിരുനബി (സ) ക്കായും ഇസ്‌ലാമിന്ന് വേണ്ടിയും തങ്ങളുടെ സർവ്വതും സമർപ്പണം ചെയ്തവരായിരുന്നു. അവർ അല്ലാഹുവിൽ വിലയം പ്രാപിച്ചവരായിരുന്നു.

സിർറുൽ ഖിലാഫയുടെ 355-ാം പേജിൽ പറയുന്നു. അബൂബക്കർ (റ) നെക്കുറിച്ച് പറയുന്നു. ആ മഹാത്മാവ് പൂർണ്ണ ദൈവജ്ഞാനമുള്ള ആളും മൃദുലഹൃദയനും കാരുണ്യമുള്ള പ്രകൃതത്തിന്റെ ഉടമയുമായിരുന്നു. വിനയവും എളിമയും തന്റെ ജീവിതത്തിൽ പകർത്തിയ വ്യക്തിയായിരുന്നു അദ്ദേഹം. വളരെ കൂടുതൽ പൊറുത്തുകൊടുക്കുകയും വാത്സല്യം കാണിക്കുകയും കരുണാമയനുമായിരുന്നു. തന്റെ നെറ്റിത്തടത്തിന്റെ പ്രകാശത്താൽ അദ്ദേഹം തിരിച്ചറിയപ്പെട്ടിരുന്നു. ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) യോട് അഗാധമായ ബന്ധമായിരുന്നു അദ്ദേഹത്തിന്. അദ്ദേഹത്തിന്റെ ആത്മാവ് തിരുദൂതരുടെ ആത്മാവുമായി കൂടിച്ചേർന്നതായിരുന്നു. അദ്ദേഹത്തിന്റെ നേതാവിനെയും അല്ലാഹുവിന്റെ പ്രിയനെയും ഏതൊരു പ്രകാശമാണോ ആവരണം ചെയ്തിരുന്നത് അതേ പ്രകാശത്താൽ ഇദ്ദേഹവും ആവരണം ചെയ്യപ്പെട്ടിരുന്നു. റസൂൽ കരീം (സ) യുടെ ബുദ്ധിവൈഭവത്തിന്റെ പ്രകാശത്തിനു കീഴെ, ആ മഹാത്മാവിന്റെ അത്യുത്കൃഷ്ടമായ അനുഗ്രഹത്തിനു താഴെ അത് മറച്ചുവെക്കപ്പെട്ടതായിരുന്നു. ആ മഹാത്മാവ് വിശുദ്ധ ഖുർആന്റെ ജ്ഞാനത്തിലും പ്രവാചകശ്രേഷ്ഠന്റെയും മനുഷ്യകുലത്തിന്റെ അഭിമാനവുമായ തിരുനബി (സ) യെ സ്നേഹിക്കുന്നതിലും മറ്റെല്ലാം മനുഷ്യരിൽ നിന്നും തികച്ചും വേറിട്ടോരു വ്യക്തിത്വം തന്നെയായിരുന്നു. അദ്ദേഹത്തിൽ ഒരു പുനർജനനം ഉണ്ടാകുകയും ദൈവികമായ ആത്മരഹസ്യങ്ങൾ വെളിപ്പെടുകയും ചെയ്തപ്പോൾ ഭൗതിക ബന്ധങ്ങൾ മുറിച്ചുകളയുകയും ശരീരബന്ധങ്ങളെ ഉപേക്ഷിക്കുകയും അങ്ങനെ തന്റെ പ്രേമഭാജനത്തിന്റെ രൂപലാവണ്യത്തൽ തന്നെ ലയിപ്പിക്കുകയും ചെയ്തു. ഏകനായ അല്ലാഹുവിന് വേണ്ടി തന്റെ സർവ്വ ഉദ്ദേശ്യങ്ങളും ഉപേക്ഷിക്കുകയും ചെയ്തു. ആ മഹാത്മാവിന്റെ ആത്മാവ് ശാരീരികേച്ഛകളാകുന്ന അഴുക്കിൽ നിന്നും മുക്തി കൈവരിച്ചു. സത്യദൈവത്തിന്റെ നിറം സ്വായത്തമാക്കുകയും ചെയ്തു. റബ്ബുൽ ആലമീന്റെ പ്രീതിയിൽ മുഴുകി. അല്ലാഹുവിന്റെ നിസ്തുലമായ സ്നേഹം അദ്ദേഹത്തിന്റെ നാഡിഞരമ്പുകളിൽ സ്ഥാനം പിടിച്ചപ്പോൾ അദ്ദേഹത്തിന്റെ ഹൃദയവികാരത്തിലും ശരീരത്തിന്റെ ഓരോ കോശത്തിലും ദൈവസ്നേഹം പ്രവേശിച്ചപ്പോൾ അല്ലാഹുവിന്റെ പ്രകാശം അദ്ദേഹത്തിന്റെ പ്രവർത്തനത്തിലും വാക്കുകളിലും അദ്ദേഹത്തിന്റെ നിർത്തത്തിലും ഇരുത്തത്തിലും പ്രവേശിച്ചപ്പോൾ അദ്ദേഹത്തിന് **സിദ്ദീഖ്** എന്ന ബഹുമതി നാമം ലഭിക്കുകയുണ്ടായി.

തിരുനബി (സ) യിൽ പരിപൂർണ്ണമായും തന്നെ സമർപ്പിച്ചപ്പോഴാണ് സിദ്ദീഖ് എന്ന ബഹുമതിക്ക് അദ്ദേഹം അർഹനായത്. ഇതാണ് അദ്ദേഹത്തിന്റെ സ്ഥാനം. ഹദ്റത്ത് അബൂബക്കർ സിദ്ധീഖ് (റ) ന് ലഭിച്ച സിദ്ദീഖിയ്യത്ത് എന്ന പദവി എങ്ങനെ എന്തുകൊണ്ട് ലഭിച്ചു എന്നത് വിശദീകരിച്ചുകൊണ്ട് പറയുന്നു.

തിരുനബി (സ) ഹദ്റത്ത് അബൂബക്കർ (റ) ന് സിദ്ദീഖ് എന്ന സ്ഥാനപേര് നൽകിയിരിക്കുന്നു. അതുകൊണ്ട് അദ്ദേഹത്തിലുള്ള മഹത്ഗുണങ്ങൾ എന്തെല്ലാമാണെന്ന് അല്ലാഹുവിന് തന്നെയാണ് ശരിക്കും അറിയുന്നത്. തിരുനബി (സ) പറയുകയുണ്ടായി. ഹദ്റത്ത് അബൂബക്കർ (റ) ന്റെ ശ്രേഷ്ഠത അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഉള്ളതുകൊണ്ടാണ്." നാം സശ്രദ്ധം വീക്ഷിക്കുകയാണെങ്കിൽ ഹദ്റത്ത് അബൂബക്കർ (റ) കാണിച്ച നിസ്വാർഥമായ സത്യസന്ധതക്ക് ഉദാഹരണം കണ്ടെത്തുക പ്രയാസകരമാണ്. ഒരു സത്യം തുറന്നു പറയട്ടെ. ഓരോ കാലത്തും ആരാണോ സിദ്ധീഖിയ്യത്തിന്റെ മഹോന്നത സ്ഥാനം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നത് അവർക്ക് അബൂബക്കർ (റ) ന്റെ സ്വഭാവം തന്റെ പ്രകൃതത്തിൽ ഉണ്ടാക്കിയെടുക്കുന്നതിനായി കഴിവിന്റെ പരമാവധി ശ്രമിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം കഴിവിന്റെ പരമാവധി പ്രാർഥനയും ചെയ്യുക. അബൂബക്കർ (റ) ന്റേതായ പ്രകൃതത്തിന്റെ തണൽ തന്നിൽ ആവാഹിക്കാത്തിടത്തോളം, അദ്ദേഹത്തിന്റെ നിറം സ്വീകരിക്കാത്തിടത്തോളം സിദ്ധീഖി ശ്രേഷഠതകൾ കരഗതമാകുന്നതല്ല.

അബൂബക്കറിന്റെ പ്രകൃതം എന്താണ്. ഇവിടെ അത് വിശദീകരിക്കാനുള്ള അവസരമല്ല. കാരണം അത് വിശദീകരിച്ചു പറയാൻ കുറെ സമയം വേണം. ഒരു സംഭവം ചുരുങ്ങിയ രീതിയിൽ വിവരിക്കാം. തിരുനബി (സ) നുബൂവ്വത്തിനെക്കുറിച്ച് വെളിപ്പെടുത്തിയപ്പോൾ ഹദ്റത്ത് അബൂബക്കർ (റ) ശ്യാമിലേക്ക് കച്ചവടത്തിനായി പോയതായിരുന്നു. തിരിച്ചു വന്നപ്പോൾ വഴിയിൽ വെച്ച് ഒരാൾ അദ്ദേഹത്തെ കാണുകയുണ്ടായി. മക്കയുടെ സ്ഥിധിവിശേഷം അദ്ദേഹത്തോട് അന്വേഷിച്ചു. പുതിയ വല്ല വാർത്തയുമുണ്ടോ എന്ന് ചോദിച്ചു. യാത്രയിൽ നിന്ന് തിരിച്ചുവരുമ്പോൾ നാട്ടുകാരിലാരെയെങ്കിലും വഴിയിൽ വെച്ച് കണ്ടാൽ അവരോട് നാട്ട് വർത്തമാനങ്ങൾ ചോദിക്കുക എന്നത് സ്വാഭാവികമാണ്. അദ്ദേഹം പറഞ്ഞത്. പുതിയ വാർത്തയുണ്ട്. നിന്റെ സുഹൃത്ത് മുഹമ്മദ് (സ) പ്രവാചകത്വവാദം ഉന്നയിച്ചിരിക്കുന്നു. ഇതുകേട്ടപ്പോൾ തന്നെ പറഞ്ഞത് അദ്ദേഹം ഈ വാദം ഉന്നയിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹം സത്യവാനാണെന്നതിൽ ഒരു സംശയവുമില്ല.

ഈ ഒരു സംഭവത്തിൽ നിന്നുതന്നെ തിരുനബി (സ) യിൽ അദ്ദേഹം എത്രമാത്രം വിശ്വാസമർപ്പിച്ചിരുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്. മുഅ്ജിസത്തുകൾ കാണേണ്ട ആവശ്യമുണ്ടായിരുന്നില്ല. യഥാർഥത്തിൽ വാദിക്കുന്ന വ്യക്തിയെക്കുറിച്ച് അറിയാത്തവരാണ് മുഅ്ജിസത്ത് ആവശ്യപ്പെടുന്നത്. അതോടൊപ്പം കൂടുതൽ സ്ഥിരീകരിക്കേണ്ട ആവശ്യം നേരിടുകയാണെങ്കിലാണ് അത് ആവശ്യപ്പെടുന്നത്. എന്നാൽ ആർക്കാണോ പൂർണ്ണമായും വാദിയുടെ അവസ്ഥയെക്കുറിച്ച് അറിയുന്നത് അദ്ദേഹത്തിന് മുഅ്ജിസത്തിന്റെ ആവശ്യമെന്താണ്. ചുരുക്കത്തിൽ ഹദ്റത്ത് അബൂബക്കർ (റ) വഴിയിൽ വെച്ച് തന്നെ തിരുനബി (സ) യുടെ പ്രവാചകത്വവാദം കേട്ട് വിശ്വസിക്കുകയാണുണ്ടായത്. മക്കയിൽ എത്തിയപ്പോൾ തിരുനബി (സ) യുടെ സവിധത്തിൽ ഹാജറായി ചോദിച്ചു. നുബുവ്വത്തിന്റെ വാദം താങ്കൾ ഉന്നയിച്ചിട്ടുണ്ടോ? തിരുനബി (സ) പറഞ്ഞു. അതെ ശരി തന്നെയാണ് ഇതുകേട്ടപ്പോൾ ഹദ്റത്ത് അബൂബക്കർ (റ) പറഞ്ഞു. നിങ്ങൾ സാക്ഷ്യം വഹിക്കുക. ഞാൻ താങ്കളെ സത്യപ്പെടുത്തുന്ന പ്രഥമ വ്യക്തിയാണ്. അദ്ദേഹത്തിന്റെ ഈ വാക്കുകൾ വെറും വാചകക്കസർത്തായിരുന്നില്ല. തന്റെ പ്രവർത്തനത്തിലൂടെ അത് തെളിയിച്ചു കാണിക്കുകയുണ്ടായി. മരണംവരെ അത് പാലിക്കുകയും ചെയ്തു. മരണശേഷവും ഉപേക്ഷിച്ചുകളഞ്ഞില്ല.

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) ന് എത്രമാത്രം കൂറും ആത്മാർഥതയും ഉണ്ടായിരുന്നു എന്നതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു. ഒരിക്കൽ ചില ശത്രുക്കൾ തിരുനബി (സ) യെ ഒറ്റക്ക് കണ്ട് പിടികൂടി. അവർ തിരുനബി (സ) യുടെ കഴുത്തിൽ മുണ്ടിട്ട് മുറുക്കാൻ തുടങ്ങി. തിരുനബി (സ) യുടെ ജീവൻ പോകുന്ന അവസ്ഥ വരെ എത്തി. യാദൃശ്ചികമായി അബൂബക്കർ (റ) അവിടെ പ്രത്യക്ഷപ്പെടുകയും കഷ്ടപ്പെട്ട് തിരുനബി (സ) യെ ശത്രുക്കളിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്തു. ആ ശത്രുക്കൾ ഇത് കണ്ടപ്പോൾ ഹദ്റത്ത് അബൂബക്കറിനെ നല്ലതുപോലെ കൈകാര്യം ചെയ്തു. അങ്ങനെ പ്രഹരം സഹിക്കവയ്യാതെ അദ്ദേഹം ബോധരഹിതനായി നിലത്തുവീണു.

ഈ ഉമ്മത്തിനായി ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) ചെയ്ത ഉപകാരത്തെ എടുത്ത് പറഞ്ഞുകൊണ്ട് ഹദ്റത്ത്മസീഹ് മൗഊദ് (അ) പറയുന്നു. ഇതേപോലെ

وَمَا مُحَمَّدٌ إِلَّا رَسُولٌ قَدْ خَلَتْ مِن قَبْلِهِ الرُّسُلُ ۚ أَفَإِن مَّاتَ أَوْ قُتِلَ انقَلَبْتُمْ عَلَىٰ أَعْقَابِكُمْ ۚ وَمَن يَنقَلِبْ عَلَىٰ عَقِبَيْهِ فَلَن يَضُرَّ اللَّهَ شَيْئًا ۗ وَسَيَجْزِي اللَّهُ الشَّاكِرِينَ

എന്ന ആയത്ത് പാരായണം ചെയ്ത് തിരുനബി (സ) വും വഫാത്തായി എന്ന് അദ്ദേഹം തെളിയിക്കുകയുണ്ടായി. കാരണം തിരുനബി (സ) ക്ക് മുമ്പുവന്ന പ്രവാചകന്മാരിൽ ചിലർ മിരിക്കുകയും മറ്റു ചിലർ ഇതേവരെ മരിക്കാതെ ജീവിച്ചിരിക്കുകയും ചെയ്യുന്നുണ്ട് എന്നാണ് ഈ ആയത്തുകൊണ്ട് ഉദ്ദേശിച്ചിരുന്നതെങ്കിൽ ഈ ആയത്ത് തെളിവായി എടുക്കുമായിരുന്നില്ല. കാരണം അപൂർണ്ണമായ ഒരു തെളിവ്, എല്ലാവർക്കും ബാധകമാകാത്ത ഒരു തെളിവ്, പൊതുവിൽ തെളിവായി എങ്ങനെ എടുത്ത് ഉദ്ധരിക്കാൻ സാധിക്കും. ആ നിയമം പൊതുവിൽ എല്ലാവർക്കും ബാധകമായിരിക്കണം. അല്ലെങ്കിൽ അത് തെളിവായി ഉദ്ധരിക്കാൻ കഴിയില്ല. മാത്രമല്ല ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) ന്റെ തെളിവ് തെറ്റാണെന്ന് പറയേണ്ടി വരും. ഹദ്റത്ത് അബൂബക്കർ (റ) മുമ്പുവന്ന എല്ലാ പ്രവാചകന്മാരും മരിച്ചുപോയി എന്ന് എടുത്ത് ഉദ്ധരിച്ച ഈ തെളിവിനെ അവിടെ കൂടിയിരുന്ന ഒരു സഹാബിയും തന്നെ നിഷേധിച്ചതായി പറയപ്പെട്ടിട്ടില്ല. ഇത്കേട്ട് എല്ലാവരും നിശബ്ദരാകുകയാണുണ്ടായത്. ഇതിൽ നിന്നും തെളിയുന്നത് സഹാബാക്കൾ ഇതിൽ ഇജ്മാഅ്, ഏകാഭിപ്രായക്കാരായിരുന്നു എന്നാണ്. സഹാബത്തിന്റെ ഇജ്മാഅ് ഒരിക്കലും വഴികേടിൽ ഉണ്ടാവില്ല. ചുരുക്കത്തിൽ ഈ ഉമ്മത്തിനുമേൽ ഹദ്റത്ത് അബൂബക്കർ (റ) ചെയ്തു ഉപകാരങ്ങളിൽ ഒന്ന് ഭാവിയിൽ വരാൻ പോകുന്ന ഒരു തെറ്റായ വിശ്വാസത്തിൽ നിന്ന് രക്ഷപ്പെടുത്തുന്നതിന്നായി തന്റെ കാലത്ത് സത്യത്തിന്റെയും യാഥാർഥത്തിന്റെയും കവാടം തുറന്നിടുകയുണ്ടായി എന്നതാണ്. അന്ധകാരത്തിന്റെ വേലിയേറ്റത്തെ തടയുന്നതിനായി ശക്തമായ തടയണ അദ്ദേഹം കെട്ടുകയുണ്ടായി. ഇക്കാലത്തെ മൗലവിമാരോടൊപ്പം എല്ലാ ജിന്ന് വർഗവും ഒരുമിച്ച് ചേർന്നാൽ പോലും ഈ തടയണയെ അവർക്കാർക്കും തകർക്കാൻ സാധ്യമല്ല. അല്ലാഹു ഹദ്റത്ത് അബൂബക്കർ (റ) വിൽ ആയിരമായിരം അനുഗ്രഹങ്ങൾ ചൊരിയട്ടെ എന്ന് ദുആ ചെയ്യുന്നു. അദ്ദേഹം അല്ലാഹുവിൽ നിന്നും പവിത്രമായ ഇൽഹാം ലഭിച്ചുകൊണ്ട് മസീഹ് വഫാത്തായിരിക്കുന്നു എന്ന് തെളിയിക്കുകയുണ്ടായി.

ഒരു മഹാ ഫിത്നയെ ദൂരീകരിക്കുന്നതിനായി ഹദ്റത്ത് അബൂബക്കർ (റ) ചെയ്ത മഹത്തായ സേവനത്തെ എടുത്ത് പറഞ്ഞുകൊണ്ട് പറയുന്നു. അക്കാലത്തും മുസൈലിമ ജനങ്ങളെ ഒരുമിച്ചുകൂട്ടിവെച്ചിരുന്നു. അപ്പോഴാണ് ഹദ്റത്ത് അബൂബക്കർ (റ) ഖലീഫയാകുന്നത്. അപ്പോൾ അദ്ദേഹത്തിന് എന്തെന്തെല്ലാം പ്രയാസങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ടായിരിക്കുമെന്ന് ഓരോരുത്തർക്കും മനസ്സിലാക്കാവുന്നതെയുള്ളൂ. അദ്ദേഹം ദൃഢമാനസനായിരുന്നില്ലെങ്കിൽ, നബി തിരുമേനി (സ) യുടെ വിശ്വാസത്തിന്റെ നിറം അദ്ദേഹത്തിന്റെ വിശ്വാസത്തിന് ഇല്ലായിരുന്നെങ്കിൽ, അദ്ദേഹത്തിന് വലിയ പ്രയാസകരമായ അവസ്ഥ നേരിടേണ്ടിവന്നേനെ. വെപ്രാളപ്പെട്ടു പോയേനെ. എന്നാൽ സിദ്ദീഖ് തിരുനബി (സ) യുടെ സഹവർത്തിത്ത്വം കരസ്ഥമാക്കിയ വ്യക്തിയായിരുന്നു. അദ്ദെഹം ആ തണലിൻ കീഴിലായിരുന്നു. തിരുനബി (സ) യുടെ സ്വഭാവ വൈശിഷ്ഠങ്ങളുടെ നിറം അദ്ദേഹത്തിൽ പ്രതിഫലിച്ചിരുന്നു. ഹൃദയം ദൃഢജ്ഞാനത്തിൽ നിറഞ്ഞിരുന്നു. അതുകൊണ്ടാണ് അദ്ദേഹം ധീരതയും സ്ഥിരതയും കാണിച്ചത്. തിരുനബി (സ) ക്ക് ശേഷം ഇതുപോലുള്ള ഉദാഹരണം കാണുക പ്രയാസംതന്നെ. അദ്ദേഹത്തിന്റെ ജീവിതം ഇസ്ലാമിന്റെ ജീവിതമായിരുന്നു. ഈ വിഷയത്തിൽ വലിയ ചർച്ചയുടെയൊന്നും ആവശ്യമില്ല. ആ കാലത്തെ അവസ്ഥ ഒന്ന് പാരായണം ചെയ്യുക. എന്നിട്ട് അബൂബക്കർ സിദ്ദീഖ് (റ) ചെയ്ത സേവനത്തെക്കുറിച്ച് ചിന്തിക്കുക. ഹദ്റത്ത് അബൂബക്കർ സിദ്ധീഖ് (റ) ഇസ്ലാമിനുവേണ്ടി വന്ന രണ്ടാം ആദമാണെന്ന് ഞാൻ സത്യമായും പറയുന്നു. തിരുനബി (സ) ക്ക് ശേഷം ഹദ്റത്ത് അബൂബക്കറിന്റെ വ്യക്തിത്വം ഇല്ലായിരുന്നുവെങ്കിൽ ഇസ്ലാമും ഉണ്ടാകുമായിരുന്നില്ല. അബൂബക്കർ സിദ്ധീഖ് (റ) നമ്മോട് ചെയ്ത വലിയ ഔദാര്യം എന്നത് അദ്ദേഹം ഇസ്ലാമിന്റെ പുനഃസ്ഥാപിക്കുകയുണ്ടായി. തന്റെ വിശ്വാസശക്തി കാരണം ധിക്കാരികൾക്കെല്ലാം ശിക്ഷ നൽകി. ശാന്തി സ്ഥാപിക്കുകയുണ്ടായി. യഥാർഥ ഖലീഫ മുഖേന സമാധാനം സ്ഥാപിക്കും എന്ന് അല്ലാഹു വാഗ്ദാനം ചെയ്തത് ഹദ്റത്ത് സിദ്ധീഖിന്റ ഖിലാഫത്തിൽ പൂർത്തിയാകുകയുണ്ടായി. ആകാശവും ഭൂമിയും പ്രത്യക്ഷ രൂപത്തിൽ സാക്ഷ്യം വഹിക്കുകയും ചെയ്തു. ഇത് സിദ്ധീഖ് എന്നതിന്റെ വിശദീകരണമാണ്. സിദ്ധീഖിൽ സിദ്ഖ് ഇത്രമാത്രം പൂർണ്ണതയിലും ഔന്നത്യത്തിലും ഉണ്ടായിരിക്കേണ്ടതാണ്.

ഹദ്റത്ത് ഉമർ (റ) ന്റെ സ്ഥാനമാനത്തെക്കുറിച്ചും തിരുനബി (സ) യോടുള്ള സ്നേഹത്തെക്കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ഒരിക്കൽ ഹദ്റത്ത ഉമർ (റ) തിരുനബിയുടെ വീട്ടിൽ പോയി. വീട്ടിൽ ഒന്നുമില്ലെന്ന് കണ്ടു. തിരുനബി (സ) ഒരു പായവിരിച്ച് കിടക്കുകയാണ്. പായയുടെ അടയാളം തിരുദൂതരുടെ പുറംഭാഗത്ത് തെളിഞ്ഞുകാണാം. ഈ കാഴ്ചകണ്ട് ഉമറിന് കരച്ചിൽ വന്നു. തിരുനബി (സ) ചോദിച്ചു. ഉമർ ! എന്തിനാണ് കരയുന്നത്. ഹദ്റത്ത് ഉമർ പറഞ്ഞു. അങ്ങയുടെ പ്രയാസങ്ങൾ കണ്ടിട്ട് എനിക്ക് കരച്ചിൽ വന്നുപോയി. കിസ്റാ, കൈസർ ചക്രവർത്തിമാർ കാഫിറുകളാണ്. അവർ സുഖ സുന്ദരമായി ജീവിക്കുന്നു. എന്നാൽ താങ്കൾ ഇത്രയും പ്രയാസത്തിൽ കഴിയുകയും ചെയ്യുന്നു. അപ്പോൾ തിരുനബി (സ) പറഞ്ഞു. എനിക്ക് ഈ ലോകത്തോടെന്ത് ബന്ധം. എന്റെ ഉദാഹരണം അത്യുഷ്ണമുണ്ടാകുമ്പോൾ ഒട്ടകപ്പുറത്ത് യാത്ര ചെയ്യുന്ന ഒരു പാഥികനെപ്പോലെയാണ്. നട്ടുച്ചക്ക് വളരെ പ്രയാസം അനുഭവിക്കുമ്പോൾ അൽപ്പം വിശ്രമിക്കാനായി ഒരു മരച്ചുവട്ടിൽ അദ്ദേഹം ഇരിക്കുന്നു. അൽപം വിശ്രമിച്ചതിനുശേഷം ആ ചൂടിൽ തന്നെ തന്റെ യാത്ര തുടരുകയും ചെയ്യുന്നു.

ഹദ്റത്ത് ഉമർ (റ) ന്റെ സ്ഥാനമാനത്തെക്കുറിച്ച് മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു. ഹദ്റത്ത് ഉമർ (റ) ന്റെ സ്ഥാനം സാഹാബാക്കൾക്കിടയിൽ എത്രമാത്രം ഉന്നതമായിരുന്നു എന്ന് നിങ്ങൾക്കറിയാമോ? ചിലപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം വിശുദ്ധ ഖുർആൻ പോലും അവതരിക്കാറുണ്ടായിരുന്നു. അദ്ദേഹത്തെക്കുറിച്ച് ഹദീസിൽ വരുന്നു. ശൈത്താൻ ഉമറിന്റെ നിഴൽ കണ്ടാൽ ഓടിമറയുന്നതാണ്. മറ്റൊരു ഹദീസിൽ വന്നിട്ടുള്ളത് എനിക്ക് തൊട്ട് ശേഷം ഒരു നബിയുണ്ടെങ്കിൽ അത് ഉമറായിരിക്കും എന്നാണ്. മറ്റൊരു ഹദീസ് ഉള്ളത് മുമ്പുള്ള ഉമ്മത്തിൽ മുഹദ്ദസ് ഉണ്ടായിക്കൊണ്ടിരുന്നിട്ടുണ്ട്. ഈ ഉമ്മത്തിൽ മുഹദ്ദസ് ഉണ്ടെങ്കിൽ അത് ഉമറാണ്.

ഹദ്റത്ത് ഉമർ (റ) നെ ക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ചില പ്രവചനങ്ങൾ ഒരു പ്രാവശ്യമെ വെളിപ്പെടുകയുള്ളൂ എന്ന് പ്രതീക്ഷിക്കാറുണ്ട്. എന്നാൽ അത് വിവിധ ഘട്ടങ്ങളിലായി പ്രകടമാകുന്നു. അതല്ലെങ്കിൽ ഏതെങ്കിലും വ്യക്തികൾ മുഖേന അത് പ്രകടമായേക്കാം. ഉദാഹരണത്തിന് കിസ്റാ കൈസറിന്റെ ഖജനാവുകളുടെ താക്കോൽ എന്റെ കൈകളിൽ വെക്കപ്പെട്ടിട്ടുണ്ട് എന്ന തിരുനബി (സ) യുടെ പ്രവചനം നോക്കുക. ഈ പ്രവചനം പൂർത്തിയാകുന്നതിനു മുമ്പെ തിരുനബി (സ) വഫാത്തായിക്കഴിഞ്ഞിരുന്നു എന്നത് യാഥാർഥ്യമാണ്. തിരുനബി (സ) കൈസറിന്റെയും കിസ്റയുടെയും ഖജനാവ് കാണുകയോ താക്കോൽ കാണുകയോ ചെയ്തിട്ടില്ല. എന്നാൽ ആ താക്കോൽ ഹദ്റത്ത് ഉമർ (റ) ന് ലഭിക്കുമെന്നതായിരുന്നു വിധി. കാരണം ഹദ്റത്ത് ഉമർ (റ) ന്റെ വ്യക്തിത്വം ആലങ്കാരികമായി തിരുനബി (സ) യുടെ തന്നെ വ്യക്തിത്വമായിരുന്നു. അതുകൊണ്ടാണ് വഹ്‌യിൽ ഹദ്റത്ത് ഉമ

റിന്റെ കൈ തിരുനബി (സ) യുടെ കൈയ്യായി പറയപ്പെട്ടത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ഇമാമിന്റെ ഹസ്തം നമ്മെ അപകടത്തിൽ നിന്ന് രക്ഷിക്കാത്തിടത്തോളം നാം സുരക്ഷിതരല്ല. ഇസ്ലാമിന്റെ പ്രാരംഭകാലത്ത് തന്നെ ഇതിനുള്ള തെളിവ് നമുക്ക് ലഭിക്കുന്നുണ്ട്. വിശുദ്ധ ഖുർആന്റെ വഹ്‌യുകൾ എഴുതിയിരുന്ന ഒരാളുണ്ടായിരുന്നു. അദ്ദേഹത്തിന് പ്രവാചക പ്രകാശത്തിന്റെ സാമിപ്യം സിദ്ധിച്ചതിന്റെ ഫലമായി വിശുദ്ധ ഖുർആൻ ഇൽഹാം മുഖേന ചിലപ്പോൾ അറിയാൻ സാധിച്ചിരുന്നു. പ്രവാചകർ ആ ആയത്ത് എഴുതിക്കാൻ ഉദ്ദേശിക്കുമ്പോൾ അത് അദ്ദേഹത്തിനും ലഭിച്ചിരിക്കും. ഒരിക്കൽ അദ്ദേഹം ചിന്തിച്ചത് എനിക്കും റസൂൽ (സ) ക്കും ഇടയിൽ വ്യത്യാസം എന്താണ്. എനിക്കും ഇൽഹാം ഉണ്ടാകുന്നുണ്ടല്ലോ. ഈ ഒരു ചിന്ത കാരണം അയാൾ നശിപ്പിക്കപ്പെട്ടു. കബർ പോലും അദ്ദേഹത്തെ പുറത്തേക്കെറിഞ്ഞു എന്നാണ് പറയപ്പെടുന്നത്. ബൽഗം എന്ന വ്യക്തിയും ഇതേ രീതിയിലാണ് നശിപ്പിക്കപ്പെട്ടത്. എന്നാൽ ഉമർ (റ) നും ഇൽഹാം ഉണ്ടാകാറുണ്ടായിരുന്നു. അദ്ദേഹം താൻ വല്ലതുമാണെന്ന് ഒരിക്കലും കരുതിയില്ല. ആകാശീയനായ ദൈവം ഭൂമിയിൽ സ്ഥാപിച്ച യഥാർഥ ഇമാമിനോടൊപ്പം തന്നെയും പകരക്കാരനാക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. തിരുദൂതരുടെ വിനീത സേവകനും ശിഷ്യനുമായി കരുതുകയുണ്ടായി. അതുകൊണ്ടാണ് അല്ലാഹുവിന്റെ ഫള്ൽ അദ്ദേഹത്തെ യഥാർഥ ഇമാമിന്റെ നാഇബായി നിയമിച്ചത്. തിരുനബി (സ) യുടെ വിനീത സേവകനായി തന്നെ കണ്ടതിന്റെ ഫലമായി അല്ലാഹു തന്റെ ഫള്ൽ ചൊരിഞ്ഞുകൊണ്ട് അദ്ദേഹത്തെ ഖലീഫ ആക്കുകയുണ്ടായി.

സിർറുൽ ഖലീഫയുടെ പേജ് 326 ൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

എന്റെ റബ്ബ് എനിക്ക് വെളിപ്പെടുത്തിത്തന്നത് അബൂബക്കർ, ഉമർ ഫാറൂഖ്, ഉസ്മാൻ റിള്‌വാനുല്ലാഹി അലൈഹിം അജ്മഈൻ അത്യുന്നതരായ വിശ്വസ്ഥരും നേർമാർഗത്തിന്റെ നിറകുടവുമായിരുന്നു എന്നാണ്. അല്ലാഹു ശ്രേഷ്ഠത നൽകപ്പെട്ടവരിൽ അവർ ഉൾപ്പെടുന്നു. പ്രത്യേകിച്ച് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഇറക്കപ്പെട്ട വ്യക്തികളായിരുന്നു അവർ. ദൈവജ്ഞാനികളുടെ ഒരു വലിയ സംഘം ഇവരുടെ മഹത്വത്തെ സാക്ഷി പറയുന്നവരാണ്. അവർ ഇവരുടെ ശ്രേഷ്ഠതയെ അംഗീകരിക്കുന്നവരാണ്. അവർ ദൈവപ്രീതി മാത്രം കാംക്ഷിച്ചുകൊണ്ട് തങ്ങളുടെ ദേശം വെടിയുകയുണ്ടായി. എല്ലാ ദുർഘട സന്ധികളിലും സധൈര്യം പ്രവേശിച്ചു. അത്യുഷ്ണത്തെ അവർ വകവെച്ചില്ല. അതികഠിനമായ രാത്രികളെ ഭയപ്പെട്ടില്ല. വീരപുരുഷനെപ്പോലെ യുദ്ധമൈതാനത്ത് പോരാടി മുന്നേറിക്കൊണ്ടിരുന്നു. ഈ മാർഗത്തിൽ അടുത്ത ബന്ധുക്കളെയോ മറ്റുള്ളവരെയോ വിട്ടുകളയുകയോ റബ്ബുൽ ആലമീനുവേണ്ടി എല്ലാം ഉപേക്ഷിക്കാൻ അവർ തയ്യാറായി. അവരുടെ സദ്പ്രവർത്തനങ്ങളിൽ നിന്ന് സുഗന്ധം വമിക്കുന്നു. അവരുടെ ഇഷ്ടപ്രവർത്തനങ്ങളിൽ നിന്നും പരിമണം പരക്കുന്നുണ്ട്. അവരുടെ തോട്ടത്തിന്റെ മഹോന്നത സ്ഥാനം അവരുടെ നന്മയുടെ പൂന്തോട്ടത്തിലേക്കു മാർഗദർശനം ലഭിക്കുകയുണ്ടായി. അവരുടെ മന്ദമാരുതന്റെ ചലനം അവരെക്കുറിച്ച് നമുക്ക് അറിവ് നൽകുന്നു. അവരുടെ പ്രകാശപ്പൊലിമ നമ്മിൽ ദീപ്തമായിത്തീരുന്നു. അതുകൊണ്ട് അവരുടെ സുഗന്ധത്തിലൂടെ അവരുടെ നന്മയിലേക്ക് നമുക്ക് വഴികാട്ടപ്പെടുന്നു.

മറ്റൊരു സ്ഥലത്ത് പറയുന്നു.

ഹദ്റത്ത് സിദ്ധീഖ് അക്ബർ (റ), ഹദ്റത്ത് ഫാറൂഖ് ഉമർ (റ), ഹദ്റത്ത് സുന്നൂറൈൻ (റ) ഹദ്റത്ത് അലി മുർത്തളാ (റ) എന്നിവരെല്ലാം ശരിക്കും ദീനിന്റെ സംരക്ഷകരായിരുന്നെന്ന് വിശ്വസിക്കേണ്ടത് നിർബന്ധമാണ്. ഇസ്ലാമിന്റെ രണ്ടാം ആദമായ ഹദ്റത്ത് അബൂബക്കർ (റ) വും ഹദ്റത്ത ഉമർ (റ), ഹദ്റത്ത് ഉസ്മാൻ (റ) ഇവരൊന്നും ദീനിന്റെ യഥാർഥ വിശ്വസ്ഥരല്ലായിരുന്നുവെങ്കിൽ വിശുദ്ധ ഖുർആന്റെ ഏതെങ്കിലും ഒരായത്ത് പോലും അല്ലാഹുവിൽ നിന്നുള്ളതാണെന്ന് വിശ്വസിക്കുന്നതിൽ പ്രയാസം നേരിട്ടേനെ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് അലി (റ) ന്റെ സ്ഥാനമാനത്തെക്കുറിച്ച് പറയുന്നു. സിർറുൽ ഖിലാഫ എന്ന പുസ്തകത്തിൽ 358-ാം പേജിൽ നിന്നും എടുത്താതണ്.

ഹദ്റത്ത് അലി (റ) മുത്തഖിയും പരിശുദ്ധ പ്രകൃതനുമായിരുന്നു. റഹ്മാനായ അല്ലാഹുവിന്റെ ഏറ്റവും പ്രിയപ്പെട്ടവരിൽ അവർ ഉൾപ്പെടുന്നു. അവർ ഉന്നതകുലചാതരായിരുന്നു. ആ കാലത്തെ നേതാക്കന്മാരിൽ ഗണിക്കപ്പെട്ടവരായിരുന്നു. അജയ്യനായ അല്ലാഹുവിന്റെ സിംഹവും കാരുണ്യവാനായ അല്ലാഹുവിന്റെ യുവാവുമായിരുന്നു. ധർമ്മനിഷ്ഠനും ശുദ്ധ ഹൃദയനുമായിരുന്നു. യുദ്ധ മൈതാനത്തിന്റെ മധ്യത്തിൽ നിന്നും മാറിനിൽക്കാത്ത ധീര യോദ്ധാവായിരുന്നു. അദ്ദേഹത്തിനെ നേരിടാൻ ശത്രുക്കളുടെ ഒരു വൻ സൈന്യം ഉണ്ടെങ്കിൽ പോലും അവിടെ നിന്ന് ഇളകുമായിരുന്നില്ല. കഷ്ടതകളുടെ ജീവിതം അദ്ദേഹം നയിച്ചു. പരിത്യാഗത്തിൽ മനുഷ്യ വംശത്തിന് എത്താൻ കഴിയുന്ന അറ്റംവരെ എത്തി. ധനം നൽകുന്നതിലും ദുഃഖം അകറ്റുന്നതിലും അനാഥരെയും അഗതികളെയും അയൽവാസികളെയും പരിപാലിക്കുന്നതിലും പ്രഥമനായിരുന്നു. വിവിധ യുദ്ധാവസരങ്ങളിൽ അദ്ദേഹത്തിന്റെ ധീരോദാത്തമായ പ്രവർത്തനം പ്രകടമായതാണ്. വാളിന്റെയും അമ്പിന്റെയും യുദ്ധത്തിൽ അത്ഭുതങ്ങൾ പ്രകടമാക്കിയിരുന്നു. അതോടൊപ്പം മനോഹരമായി സംസാരിക്കുന്ന ആളും സാഹിത്യസമ്പുഷ്ഠമായ പ്രഭാഷകനുമായിരുന്നു. അദ്ദേഹം തന്റെ വാക്കുകൾ ശ്രോതാക്കളുടെ ഹൃദയാന്തരാളങ്ങളിൽ ഇടുമായിരുന്നു. ഇങ്ങനെ മനുഷ്യചിന്തയിൽ അടഞ്ഞുകൂടിയ തുരുമ്പിനെ ഇല്ലാതെയാക്കി. തെളിവുകളുടെ പ്രകാശം കൊണ്ട് അതിനെ പ്രഭാപൂരിതമാക്കി മാറ്റി. നാനാ വിധ കഴിവുകളും ഉണ്ടായിരുന്നു. ഏതെങ്കിലും വിഷയത്തിൽ നിപുണനായ വ്യക്തിപോലും അദ്ദേഹത്തിന്റെ മുമ്പിൽ ഒന്നുമല്ലാത്തവനെപ്പോലെയായിത്തീരുന്നു. സാഹിത്യ സമ്പുഷ്ഠതയിൽ നിപുണനായിരുന്നു. അദ്ദേഹത്തിന്റെ ശ്രേഷ്ഠതയെ നിഷേധിക്കുന്നവർ ലജ്ജയില്ലാത്ത വഴി സ്വീകരിച്ചവരാണ്.

സഹാബാക്കളുടെ അവസ്ഥ വിവരിച്ചുകൊണ്ട് പറയുന്നു. സഹാബാക്കളുടെ അവസ്ഥ ഉദാഹരണമായി സമർപ്പിച്ചുകൊണ്ട് പറയുന്നു. അവർ റസൂൽ (സ) യിൽ വിശ്വസിച്ചുകൊണ്ട് മറഞ്ഞിരിക്കുന്നവനും ഭൗതികരുടെ കണ്ണിൽ നിന്നും നിഗൂഢവും അപ്രത്യക്ഷവുമായ അല്ലാഹുവിനെ അവർ തങ്ങളുടെ കണ്ണുകളെക്കൊണ്ട് അതെ അവരുടെ കണ്ണുകളെക്കൊണ്ട് തന്നെ കാണുകയുണ്ടായി. ഇതല്ലായിരുന്നുവെങ്കിൽ തങ്ങളുടെ സമൂഹത്തെ വിട്ടകലാനും നാട് വിടാനും സമ്പത്ത് ഉപേക്ഷിക്കാനും ബന്ധുമിത്രാതികളോട് വിടപറയാനും എല്ലാം കാരണം മറ്റെന്തായിരുന്നു എന്ന് പറഞ്ഞ് തരിക. അവർക്ക് അല്ലാഹുവിൽ മാത്രമായിരുന്നു ആശ്രയം. ഏകനായ അല്ലാഹുവിൽ ആശ്രയമർപ്പിച്ചുകൊണ്ട് ചരിത്രത്തിൽ കാണാൻ കഴിയാത്ത പ്രവർത്തനങ്ങൾ അവർ കാഴ്ചവെക്കുകയുണ്ടായി. വിശ്വാസം അത് മാത്രമായിരുന്നു അവരിലുണ്ടായിരുന്നത്. മറ്റൊന്നും ഉണ്ടായിരുന്നില്ല. ഇതിന്നെതിരിൽ ഭൗതികരുടെ പരിപാടികളും പ്രോഗ്രാമുകളും പരിശ്രമവും എല്ലാം ഉണ്ടായിരുന്നു. എന്നാൽ അവർക്ക് വിജയിക്കാൻ സാധിച്ചില്ല. അവരുടെ എണ്ണവും അംഗബലവും ശക്തിയും എല്ലാം വളരെ കൂടുതലായിരുന്നു. പക്ഷെ എതിരാളികൾക്ക് വിശ്വാസം ഇല്ലായിരുന്നു. വിശ്വാസം ഇല്ലാത്ത ഒറ്റ കാരണം കൊണ്ടാണ് അവർ നശിപ്പിക്കപ്പെട്ടത്. വിജയം കാണാൻ അവർക്ക് സാധിച്ചില്ല. എന്നാൽ വിശ്വാസശക്തികൊണ്ട് സഹാബാക്കൾ എല്ലാം വിജയിച്ചടക്കി. ഒരാളുടെ ശബ്ദം അവർ കേട്ടു. ആ വ്യക്തി ഉമ്മിയായ അവസ്ഥയിലാണ് വളർന്നത്. എന്നാൽ തന്റെ സത്യസന്ധതയും വിശ്വസ്ഥതയും നന്മയും കാരണം

അദ്ദേഹം പ്രസിദ്ധനായിരുന്നു. ഞാൻ അല്ലാഹുവിൽ നിന്നും വന്നവനാണെന്ന് പ്രഖ്യാപനം കേട്ടപ്പോൾ തന്നെ അദ്ദേഹത്തോടൊപ്പം ചേർന്നു. അങ്ങനെ ഉന്മാദരെപ്പോലെ അദ്ദേഹത്തോടൊപ്പംകൂടി. അവരുടെ അവസ്ഥ ഈ രീതിയിൽ മാറ്റിമറിച്ചത് അവരുടെ വിശ്വാസം ഒന്ന് മാത്രമായിരുന്നു എന്ന് ഞാൻ വീണ്ടും പറയാൻ ആഗ്രഹിക്കുകയാണ്. ഓർക്കുക. അല്ലാഹുവിലുള്ള വിശ്വാസം വലിയ കാര്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് തിരുനബി (സ) യുടെ ഖലീഫമാരോടും സഹാബാക്കളോടും മക്കളോടുമുള്ള സ്നേഹം തിരുനബി (സ) യോടുള്ള സ്നേഹം കാരണമായിരുന്നു. ഇത് ഈമാനിന്റെ ഒരു ഭാഗമായി അദ്ദേഹം കണ്ടിരുന്നു. ഇത് വിശദീകരിച്ചുകൊണ്ട് മറ്റൊരു സ്ഥലത്ത് പറയുന്നു.

ഭക്തരെയും അല്ലാഹുവിന്റെ ആളുകളെയു ആദരിക്കണം എന്നതാണ് നമ്മുടെ വിശ്വാസം.ഓരോരുത്തർക്കും അവരവരുടേതായ സ്ഥാനം നൽകേണ്ടതാണ്. അവരെ സ്തുതിക്കുന്നതിൽ അതിരുകടന്ന് പാപികളിൽ ഉൾപ്പെടാൻ പാടില്ല. അങ്ങനെ തിരുനബി (സ) യെയും മറ്റു പ്രവാചകരെയും അവഹേളിക്കുന്ന അവസ്ഥ വരരുത്. മറ്റെല്ലാ പ്രവാചകന്മാരും ഏതുവരെയെന്നാൽ തിരുനബി (സ) വരെ ഹദ്റത്ത് ഹുസൈൻ (റ) വിന്റെ ശുപാർശ മുഖേനയാണ് മോക്ഷം പ്രാപിക്കുകയുള്ളൂ എന്ന് പറയുന്നവർ വലിയ അക്രമണമാണ് കാണിച്ചത്. ഇതുമുഖേന എല്ലാ പ്രവാചകന്മാരെയും വിശിഷ്യ തിരുനബി (സ) യെയും നന്ദിക്കുകയാണ് ചെയ്തത്.

ഹദ്റത്ത് അലി, ഹദ്റത്ത് ഹുസൈൻ (റ) എന്നിവരുമായി തന്റെ സാദൃശ്യം വിവരിച്ചുകൊണ്ട് പറയുന്നു.

എനിക്ക് ഹദ്റത്ത് അലി (റ) യു ഹദ്റത്ത് ഹുസൈൻ (റ) യുമായി സൂക്ഷമമായ ഒരു സാദൃശ്യമുണ്ട്. ഇരു മശ്രിക്കുകളുടെയും ഇരു മഗ്രിബുകളുടെയും നാഥനല്ലാതെ മറ്റാരും ഇതറിയുന്നില്ല. ഞാൻ ഹദ്റത്ത് അലി (റ)യെയും അദ്ദേഹത്തിന്റെ രണ്ട് മക്കളെയും സ്നേഹിക്കുന്നു. ഇവരോട് ശത്രുത വെക്കുന്നവരോട് ഞാനും ശത്രുത വെക്കുന്നു. ഒരിക്കലും ഞാൻ അക്രമവും അനീതിയും ചെയ്യുന്നവനല്ല. അല്ലാഹു എനിക്ക് വെളിപ്പെടുത്തിത്തന്ന കാര്യത്തിൽ നിന്നും മുഖം തിരിക്കുക എന്നത് എനിക്ക സാധ്യമല്ല. അതിര് ലംഘിക്കുന്നവനുമല്ല ഞാൻ (സിർറുൽ ഖിലാഫ)

ഇതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു.

യഹൂദ പ്രകൃതമുള്ളവർ ഇസ്ലാമിൽ ചെയ്തതും ഇതുതന്നെ. അവർ അവരുടെ തെറ്റിദ്ധാരണയിൽ അടിയുറച്ച് നിന്നുകൊണ്ട് ഓരോ കാലത്തുംതന്നെ അല്ലാഹുവിന്റെ ആളുകളെ കഷ്ടപ്പെടുത്തിയിട്ടുണ്ട്. ഹദ്റത്ത് ഇമാം ഹുസൈൻ (റ)നെ വിട്ടുകൊണ്ട് ആയിരക്കണക്കിന് വിഢികൾ യസീദിന്റെ കൂടെക്കൂടി. ഈ നിഷ്ക്കളങ്കനായ ഇമാമിനെ നാവുകൊണ്ടും കൈകൊണ്ടും വേദനിപ്പിച്ചു. അവസാനം അദ്ദേഹത്തെ വധിക്കാതെ അവർക്ക് തൃപ്തിയായില്ല. സമയാസമയങ്ങളിൽ ഈ ഉമ്മത്തിലെ ഭക്തരെയും നേതാക്കളെയും മുജദ്ദിദുമായവരെയും ഇവർ ബുദ്ധിമുട്ടിപ്പിച്ചുകൊണ്ടിരുന്നു. അവരെ കാഫിറും മതനിഷേധിയും സിന്ദീഖും എന്നെല്ലാം പേരുവെച്ചു. ആയിരക്കണക്കിന് സത്യവാന്മാർ ഇവരുടെ കരങ്ങളാൽ നിഗ്രഹിക്കപ്പെട്ടു. ഇവരുടെ പേര് കാഫിർ എന്ന് വെക്കുക മാത്രമല്ല ചെയ്തത്; അവരുടെ കഴിവിന്റെ പരമാവധി ഉപദ്രവിക്കാനും കൊല്ലാനും നിന്ദ്യരാക്കാനും തടവിലാക്കാനും ശ്രമിച്ചു. ഇപ്പോഴിതാ നമ്മുടെ കാലം വന്നിരിക്കുന്നു. 13-ാം നൂറ്റാണ്ടിൽ ഘോരമായി പ്രസംഗിച്ചിരുന്നത് 14-ാം നൂറ്റാണ്ടിൽ മഹ്ദി ഇമാം വരുമെന്നായിരുന്നു. ചുരുങ്ങിയത് ഒരു വലിയ മുജദ്ദിദെങ്കിലും പ്രത്യക്ഷപ്പെടും എന്നവർ പറഞ്ഞിരുന്നു. എന്നാൽ 14-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ആ മുജദ്ദിദ് വന്നപ്പോൾ, അദ്ദേഹത്തിന്റെ പേര് മസീഹ് മൗഊദ് എന്ന് അല്ലാഹുവിന്റെ ഇൽഹാമിൽ മാത്രമല്ല വെച്ചത് ഇക്കാലത്ത് വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ഫിത്നകൾ ഇദ്ദേഹത്തിന്റെ പേര് മസീഹ് മൗഊദ് എന്നാകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടും അദ്ദേഹത്തെ കളവാക്കിത്തള്ളുകയാണ് ചെയ്തത്. കഴിവിന്റെ പരമാവധി അദ്ദേഹത്തെ ബുദ്ധിമുട്ടിപ്പിക്കാൻ ശ്രമിച്ചു. വിവിധങ്ങളായ കുതന്ത്രങ്ങളാൽ അദ്ദേഹത്തെ നിന്ദ്യനാക്കാനും ഇല്ലാതാക്കാനും ശ്രമിച്ചു. കളവാക്കിത്തള്ളി. പ്രയാസത്തിൽ അകപ്പെടുത്തി. പറയുന്നു.

ഞാൻ എഴുതിയ പദ്യത്തിൽ ഇമാം ഹുസൈൻ (റ) നെക്കുറിച്ച് എഴുതിയതും ഹദ്റത്ത് ഈസ (അ) നെക്കുറിച്ച് എഴുതിയതും ഒന്നും തന്നെ മനുഷ്യപ്രവർത്തികളല്ല. അല്ലാഹുവിന്റെ വരിഷ്ഠദാസരുടെ നേരെ നാവ് ചലിപ്പിക്കുന്നവൻ വൃത്തികെട്ടവനാണ്. ഹദ്റത്ത് ഇമാം ഹുസൈൻ, ഹദ്റത്ത് ഈസാ (അ) പോലുള്ള മഹത്വ്യക്തിത്വങ്ങളെ ആക്ഷേപിക്കുന്നവർക്ക് ഒരു രാത്രിപോലും ജീവിച്ചിരിക്കാൻ കഴിയില്ല.

**മൻ ആദാ ലീ വലിയ്യൻ** എന്നത് അവരെ പിടികൂടുന്നതാണ്. ആകാശീയുമായ കാര്യങ്ങൾ ഗ്രഹിക്കാൻ കഴിവുള്ളവരും അല്ലാഹുവിന്റെ യുക്തിഭദ്രമായ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നവരും അനുഗ്രഹീതർ.

**മൻ ആദാ ലീ വലിയ്യൻ ഫകദ് ആസൻത്തുഹു ലിൽ ഹറബി** എന്നത് ഹദീസാണ്.

ആരാണോ എന്റെ വലിയോട് ശത്രുത വെക്കുന്നത് അവരോട് ഞാൻ യുദ്ധം പ്രഖ്യാപിക്കുന്നു.

ഹദ്റത്ത് (അ) എഴുതുന്നു. ഞാൻ എഴുതുന്നത് അല്ലാഹുവിന്റെ കൽപനപ്രകാരവും അനുവാദപ്രകാരവുമാണ്.

മറ്റൊരു സ്ഥലത്ത് പറയുന്നു. ആരുടെ പ്രവർത്തനമാണോ അവരുടെ വിശ്വാസത്തിന് സാക്ഷ്യം പറയുന്നത് അവരാണ് യഥാർഥ മുഅ്മിൻ, അവരുടെ ഹൃദയത്തിൽ വിശ്വാസം ഉല്ലേഘനം ചെയ്തിരിക്കുന്നു. അവർ അല്ലാഹുവിനും അവന്റെ പ്രീതിക്കും മറ്റെല്ലാ വസ്തുക്കളെക്കാളും പ്രാമുഖ്യം നൽകുന്നതാണ്. തഖ്‌വയുടെ അതിസൂക്ഷമമായ വരങ്ങൾ അല്ലാഹുവിന് വേണ്ടി അവർ സ്വീകരിക്കുന്നു. അവന്റെ സ്നേഹത്തിൽ അവർ ലയിക്കുന്നു. ബിംബത്തെപ്പോലെ അല്ലാഹുവിൽ നിന്ന് തടയുന്ന ഓരോ വസ്തുവുംതന്നെ, അത് ധാർമ്മിക അവസ്ഥയായാലും ദുഷ്പ്രവൃത്തികളായാലും അശ്രദ്ധയും അലസതയും ആയാലും അതിൽ നിന്നെല്ലാം തന്നെ അകറ്റി നിർത്തുന്നു. എന്നാൽ ദുർഭഗനായ യസീദിന് ഇതിനെല്ലാം എവിടുന്ന് തൗഫീഖ് ലഭിക്കാൻ. ഭൗതികപ്രേമം അയാളെ അന്ധനാക്കി മാറ്റി. എന്നാൽ ഹുസൈൻ പരിശുദ്ധനും വിശുദ്ധീകരിക്കപ്പെട്ടവനും ആയിരുന്നു. അദ്ദേഹം അല്ലാഹു സ്വന്തം കരങ്ങളാൽ വിശുദ്ധീകരിക്കുന്നവരിലും തന്റെ സ്നേഹത്താൽ നിറക്കുന്നവരിലും ഉൾപ്പെട്ടവരായിരുന്നു എന്നതിൽ സംശയമില്ല. നിസ്സംശയം അദ്ദേഹം സ്വർഗത്തിലെ നേതാക്കളിൽ ഉൾപ്പെട്ടവനാണ്. അദ്ദേഹത്തോട് അൽപമെങ്കിലും വെറുപ്പ് മനസ്സിൽ വെക്കുക എന്നത് ഈമാൻ നഷ്ടപ്പെടുന്നതിന് കാരണമായിത്തീരുന്നതാണ്. ഈ ഇമാമിന്റെ തഖ്‌വയും ദൈവസ്നേഹവും ക്ഷമയും സ്ഥിരചിത്തതയും ഭക്തിയും ആരാധനയും നമുക്ക് മാതൃകയാണ്. അദ്ദേഹത്തിന് ലഭിച്ച ഹിദായത്തിനെ പിൻപറ്റുന്നവരാണ് നാം. അദ്ദേഹത്തോട് ശത്രുത പുലർത്തുന്ന ഹൃദയം നശിച്ചുപോകട്ടെ. അദ്ദേഹത്തോട് പ്രവർത്തനരൂപത്തിൽ സ്നേഹം പ്രകടിപ്പിക്കുന്ന ഹൃദയം വിജയിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വിശ്വാസം, ധാർമ്മിക ഗുണം, ധൈര്യം, സ്ഥിരചിത്തത, ദൈവപ്രേമം എന്നീ ഗുണങ്ങളെല്ലാം ഒരു സ്ഫടിക കണ്ണാടിയിൽ മനോഹരനായ ഒരു വ്യക്തിയുടെ പ്രതിബിംബം കാണുന്നതുപോലെ പ്രതിച്ഛായ രൂപത്തിൽ തന്നിൽ ശ്വാസീകരിക്കുന്നവനും വിജയിച്ചിരിക്കുന്നു.

ഇവർ ജനങ്ങളുടെ ദൃഷ്ടിയിൽ നിന്ന് അപ്രത്യക്ഷരാണ്. അവരിൽ ഉൾപ്പെട്ടവർക്കെ അവരുടെ മഹത്വം തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. ഭൗതിക കണ്ണുകളിൽ അവരെ തിരിച്ചറിയാൻ സാധ്യമല്ല. കാരണം അവർ

ഈ ലോകത്തുനിന്നും എത്രയോ അകലെയാണ്. ഇതുകാരണമാണ് ഹദ്റത്ത് ഹുസൈൻ (റ) കൊല്ലപ്പെട്ടത്.

ഭൗതിക ലോകം ഏത് ആത്മീയവ്യക്തിയോടാണ് അദ്ദേഹത്തിന്റെ കാലത്ത് സ്നേഹിച്ചത്. എന്നാലല്ലെ ഹദ്റത്ത് ഹുസൈൻ (റ) നെ സ്നേഹിക്കുകയുള്ളൂ. ഹദ്റത്ത് ഹുസൈൻ (റ) നെ നിന്ദിക്കുക എന്നത് ഏറ്റവും നീചമായ പ്രവർത്തിയാണ്. ഹുസൈൻ (റ) നെയും മുൻകാല പരിശുദ്ധ ഇമാമുകളായ ഭക്തരെയും നിന്ദിക്കുന്നവൻ, അവരെക്കുറിച്ച് നിന്ദ്യമായ വചനങ്ങൽ തന്റെ നാവുമുഖേന വെളിപ്പെടുത്തുന്നവനും തന്റെ വിശ്വാസം നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്.

കാരണം അല്ലാഹുവിന്റെ വരിഷ്ഠ ദാസരോടും പ്രിയരോടും ശത്രുത വെക്കുന്നവരോട് അല്ലാഹുവും ശത്രുത വെക്കുന്നതാണ്.

ഇതാണ് മനോഹരമായ നീതിയിലധിഷ്ഠിതമായ അധ്യാപനങ്ങൾ. ഇത് മുസ്‌ലിംകളെ ഒരു കയ്യിൽ ഒരുമിച്ചുകൂട്ടാനും കക്ഷിത്വം ഇല്ലാതാക്കുന്നതിനും വേണ്ടി അല്ലാഹു അയച്ച മഹാത്മാവ് നമുക്ക് നൽകിയിട്ടുള്ളതാണ്. അദ്ദേഹം ഇക്കാലത്ത് റസൂൽ (സ) യുടെ യഥാർഥ ദാസനായിക്കൊണ്ട് സമാധാനത്തിന്റെയും ശാന്തിയുടെയും ദൂതുമായാണ് വന്നത്. മുസ്‌ലിം ഉമ്മത്ത് ഈ സന്ദേശം സ്വീകരിക്കുമാറാകട്ടെ. അങ്ങനെ കക്ഷിത്വത്തിൽ നിന്നും കുഴപ്പങ്ങളിൽ നിന്നും പരസ്പരം അറുകൊല നടത്തുന്നതിൽ നിന്നും വിട്ടുനിൽക്കുമാറാകട്ടെ. ഇസ്‌ലാം പുതിയ പ്രതാപത്തോടെ ലോകത്തിന്റെ കോണായ കോണുകൾവരെ തന്റെ പ്രഭാവം പ്രകടമാക്കട്ടെ.

ഈ മുഹർറമാസം സമാധാനത്തോടും ശാന്തിയോടും കഴിച്ചുകൂട്ടുവാൻ അല്ലാഹു തൗഫീഖ് നൽകട്ടെ. ഓരോ മുസ്‌ലിമും മറ്റ് മുസ്‌ലിമിനെ തന്റെ നാവിൽ നിന്നും കരങ്ങളിൽ നിന്നും സുരക്ഷിതനാക്കിവെക്കട്ടെ. മുസ്‌ലിം നാടുകളുടെ പൊതുവിലുള്ള അവസ്ഥയും കുഴപ്പങ്ങളും ഇല്ലാതാക്കുന്നതിനായി കൂടുതലായി പ്രാർഥിക്കുക. പല നാടുകളും മോശമായ അവസ്ഥയിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്.

അല്ലാഹു ഉപദ്രവകാരികളുടെ എല്ലാ ഉപദ്രവത്തിൽ നിന്നും എല്ലാ മുസ്‌ലിംകളെയും രക്ഷപ്പെടുത്തട്ടെ.

അധിക മുസ്‌ലിം നാടുകളിലും ആഭ്യന്തര കുഴപ്പം ഉണ്ട്. അതുകാരണം അവിടെ ശാന്തി നശിച്ചുകൊണ്ടിരിക്കുകയാണ്. അഭിവൃദ്ധിയിലേക്ക് പോകുന്നതിനുപകരം അധോഗതിയിലേക്കാണ് പോയ്ക്കൊണ്ടിരിക്കുന്നത്. ലോകത്തെ പൊതുവിലുള്ള സാമ്പത്തിക സ്ഥിതിയും അസ്വസ്ഥത പരത്തുന്നതാണ്. പാശ്ചാത്ത്യനാടുകളിലും മുസ്‌ലിം നാടുകളിലും എല്ലാം ഇതിന്റെ ദുഷ്ഫലങ്ങൾ പ്രകടമാണ്. മൂന്നാം ലോകമഹായുദ്ധത്തിലേക്ക് ലോകം പൊയ്ക്കൊണ്ടിരിക്കുന്ന ഒരു അവസ്ഥാ വിശേഷമാണ് ഇപ്പോൾ സംജാതമായിക്കൊണ്ടിരിക്കുന്നതെന്നാണ് തോന്നുന്നത്.

അല്ലാഹു മനുഷ്യത്വത്തോട് കരുണ ചൊരിയുമാറാകട്ടെ. അവർക്ക് ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ. നമുക്ക് ഇക്കാലത്ത് കൂടുതലായി ദുആ ചെയ്യേണ്ടിയിരിക്കുന്നു. കഴിയുന്ന മുൻകരുതലുകളും എടുക്കേണ്ടതാണ്. അല്ലാഹു നമ്മെ സഹായിക്കുമാറാകട്ടെ.

# PRINTED BOOKS


From
T. Jamshad
Ahmadiyya Mission House
K.N.Road Karapparamba Calicut -10



KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2011 December 2 at : Baitul Futuh, London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: M.P. Abdul Latheef Calicut
Published by: **Majlis Khuddamul Ahmadiyya, North Kerala**